# ജമാഅത്തിനെ നശിപ്പിക്കാൻ ആർക്കും സാധിക്കുകയില്ല

ഇക്കാലഘട്ടത്തിൽ പലരീതിയിലുള്ള കണ്ടുപിടിത്തങ്ങൾ നമുക്കു കാണാൻ കഴിയുന്നു. ജോലികൾ എളുപ്പത്തിൽ നിർവഹിക്കുന്നതിനായി മനുഷ്യൻ കണ്ടുപിടിച്ചിട്ടുള്ള സാധനസാമഗ്രികൾ കാണുമ്പോൾ അത്ഭുതപ്പെട്ടുപോകുന്നു. ഈ ആധുനിക ടെക്നോളജി ഈ ചെറിയ രാജ്യത്തിന്റേയും ഭാഗമായിത്തീർന്നിരിക്കുന്നു. പക്ഷേ, മനുഷ്യൻ ഭൗതികതയിൽ ഉയരാൻ തുടങ്ങുമ്പോൾ ആത്മീയത കുറയാൻ തുടങ്ങുന്നു എന്നത് ആദ്യകാലം മുതലേ കണ്ടുവരുന്നതാണ്. ഇതുതന്നെയാണ് ഇക്കാലത്തും നാം കാണുന്നത്. ലോകരിൽ വലിയൊരുവിഭാഗം തങ്ങളെ സൃഷ്ടിച്ചിട്ടുള്ള സൃഷ്ടികർത്താവിനെ മറന്നുകഴിഞ്ഞു. അവർ ഭൗതികമായ നേട്ടങ്ങൾ കരസ്ഥമാക്കുന്നതിനായി പരസ്പരം മത്സരിച്ച് മുന്നേറാൻ ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭൗതികമായനിലയിൽ ഒരുപാട് പുരോഗതി നേടിയിട്ടുള്ള ഈ ചെറിയ രാജ്യത്തിലും അതേ അവസ്ഥതന്നെയാണുള്ളത്. വാസ്തവത്തിൽ അല്ലാഹു മനുഷ്യനെ സൃഷ്ടിച്ചത് ഈ ഭൗതികമായ സൗന്ദര്യത്തിന്റേയും ആനന്ദത്തിന്റേയും സുഖാഡംബരത്തിന്റേയും കണ്ടുപിടിത്തത്തിന്റേയും പിന്നാലെ പോകാനല്ല. മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം, ഏറ്റവും വലിയ ഉദ്ദേശ്യമായിരുന്നു. എത്രമാത്രം വലിയ ഉദ്ദേശ്യമായിരുന്നു വെച്ചാൽ, അത് കരസ്ഥമാക്കാൻ മനുഷ്യൻ ശ്രമിക്കുകയാണെങ്കിൽ, ഈ ലോകത്തെ അനുഗ്രഹങ്ങൾ എന്തായാലും കിട്ടാനുള്ളത് കിട്ടുകതന്നെ ചെയ്യും, കൂടാതെ ഈ ലോകത്തുനിന്ന് പോയതിനുശേഷം പരലോകത്തിന്റേയും അനശ്വരമായ ജീവിതത്തിന്റേയും വിഹിതവും കിട്ടുന്നതാണ്. അടുത്തലോകത്തും മനുഷ്യൻ അല്ലാഹുവിന്റെ അനുഗ്രഹത്തിന് പാത്രീഭൂതനാകും. ഈ ഉദ്ദേശ്യത്തെ വിവരിച്ചുകൊണ്ട് അല്ലാഹു വിശുദ്ധഖുർആനിൽ പറയുന്നു. ***വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലിയഅ്ബുദൂൻ***. ഞാൻ ജിന്നിനേയും ഇൻസിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാൻ വേണ്ടി മാത്രമാണ്. ഇതുസംബന്ധമായി ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഞാൻ ഇൻസിനേയും ജിന്നിനേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ തിരിച്ചറിയാനും എന്നെ ആരാധിക്കാനും വേണ്ടിയാണെന്ന് അല്ലാഹു പറയുന്നു. ഈ ഖുർആനികവചനത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യസൃഷ്ടിപ്പിന്റെ യഥാർത്ഥ ഉദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കലും ദൈവികവിജ്ഞാനം കരസ്ഥമാക്കലും അല്ലാഹുവിനുവേണ്ടി ആയിത്തീരലുമാണ്. മനുഷ്യൻ അവന്റെ ജീവിതലക്ഷ്യം അവന്റെതന്നെ നിയന്ത്രണം കൊണ്ട് സ്വയം നിശ്ചയിക്കാൻ സാധ്യമല്ല. കാരണം മനുഷ്യൻ അവന്റെ സ്വന്തം ഇഷ്ടത്താൽ ലോകത്തേക്കു വരുന്നില്ല. സ്വന്തം ഇഷ്ടത്താൽ തിരിച്ചുപോകുകയുമില്ല. മറിച്ച്, അവനൊരു സൃഷ്ടിയാണ്. അവനെ സൃഷ്ടിച്ചവൻ മറ്റു മൃഗങ്ങളെ അപേക്ഷിച്ച് ഉത്തമവും ഉദാത്തവുമായ കഴിവുകൾ അവന് നല്കിയിരിക്കുന്നു. അവൻ മനുഷ്യന് ഒരു ഉദ്ദേശ്യം നിശ്ചയിച്ചിരിക്കുന്നു. മനുഷ്യൻ ഈ ഉദ്ദേശ്യം മനസ്സിലാക്കിയാലും ഇല്ലെങ്കിലും, മനുഷ്യന്റെ ജീവിതോദ്ദേശ്യം അല്ലാഹുവിനെ ആരാധിക്കലും അവനെക്കുറിച്ച് അറിയലും അവനിൽ ലയിക്കലുമാണ്.

ഇതാണ് മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം. അതാണ് ഹസ്റത്ത് മസീഹ് മൗഊദ്(അ) വ്യക്തമാക്കിയിരിക്കുന്നത്. അല്ലാഹു മനുഷ്യസൃഷ്ടിപ്പിന്റെ ഉദ്ദേശ്യം വിവരിച്ച് പറയുകയും, എന്റെ ഇഷ്ടത്താലാണ് നീ ഈ ലോകത്ത് വന്നതെന്നും എന്റെ ഇഷ്ടത്താൽ തന്നെയായിരിക്കും നീ ഇവിടെനിന്ന് മടങ്ങുകയെന്നും പറയുകയും അതുകൊണ്ട് ഞാൻ കല്പിച്ചത് നിങ്ങൾ ചെയ്യുക എന്ന് നിർദ്ദേശിക്കുകയും ചെയ്തിരിക്കുന്നു. ഓരോരുത്തർക്കും അല്ലാഹു നേരിട്ട് നിർദ്ദേശം കൊടുക്കാറില്ല. അവൻ തന്റെ സുന്നത്തനുസരിച്ച് പ്രവാചകന്മാരെ അയച്ചുകൊണ്ടുവന്നു. അവർ വിവിധ ജനതകളിൽ വന്നുകൊണ്ടിരുന്നു. തങ്ങളുടെ ജനതയെ അല്ലാഹുവിന്റെ മുമ്പിൽ കുനിയാനും അവനെ ആരാധിക്കാനും പഠിപ്പിച്ചുകൊണ്ടിരു

ന്നു. തങ്ങളുടെ സൃഷ്ടിഉദ്ദേശ്യം മനസ്സിലാക്കാനും ഏകദൈവത്തിന്റെ മുമ്പിൽ കുനിയാനും അവനെ ആരാധിക്കാനുമുള്ള ഈ പാഠം അല്ലാഹു മനുഷ്യന് നല്കിയത് അല്ലാഹു മനുഷ്യനെ എല്ലാ സൃഷ്ടികളേക്കാളും ഉത്തമനായി സൃഷ്ടിച്ചിട്ടുള്ളതുകൊണ്ടാണ്. അവന്റെ ശാരീരികാവയവങ്ങളും ശക്തികളും ബുദ്ധിപരമായ കഴിവുകളും, മറ്റു സൃഷ്ടികളിൽനിന്ന് അവനെ ഉത്തമമാക്കുന്ന നിലയിലാണ് അല്ലാഹു സൃഷ്ടിച്ചത്. മനുഷ്യന്റെ ഈ അവസ്ഥ വിളിച്ചോതുന്നത് അവൻ തന്റെ കഴിവുകളും ബുദ്ധിയും ശാരീരികശക്തികളും നോക്കിക്കാണുകയും, തന്റെ കഴിവുകൾകൊണ്ട് അവന് ലഭിച്ച കണ്ടുപിടിത്തങ്ങളിലേക്കും മറ്റു സൗകര്യങ്ങളിലേക്കും നോക്കുകയും ചെയ്യുമ്പോൾ, അല്ലാഹുവിൽനിന്ന് അത് അവനെ അകറ്റിക്കൊണ്ടുപോകുന്നതിനു പകരം അല്ലാഹുവിലേക്ക് അടുപ്പിക്കുന്നതായിത്തീരണം എന്നാണ്. തന്റെ ജീവിതോദ്ദേശ്യം എന്തെന്ന് തിരിച്ചറിയാൻ അവന് കഴിയണം. ഓരോ മനുഷ്യന്റെമേലും വഹ്‌യ് ഇറക്കിക്കൊണ്ട് അല്ലാഹു മാർഗ്ഗദർശനം നല്കാറില്ല. അതിനുവേണ്ടി അല്ലാഹു ഒരു നടപടിക്രമം വെച്ചിട്ടുണ്ട്. അത് നബിമാർ മുഖേനയുള്ള പരിഷ്ക്കരണമാണ്. അവരെ അവൻ വിവിധ ജനതകളിൽ അയച്ചുകൊണ്ടിരുന്നു. മനുഷ്യൻ ബുദ്ധിപരമായ കഴിവുകളുടേയും ശക്തികളുടേയും അടിസ്ഥാനത്തിൽ ആത്മീയമായ ഉന്നതനിലവാരം കരസ്ഥമാക്കാൻ യോഗ്യനായി എന്ന് അല്ലാഹു കണ്ടപ്പോൾ അവസാനത്തെ ന്യായപ്രമാണവുമായി നബി(സ) തിരുമേനിയെ നിയോഗിച്ചു. ദീൻ പൂർത്തിയായെന്നും തന്റെ അനുഗ്രഹം അതിന്റെ പാരമ്യതയിലെത്തിയിരിക്കുന്നുവെന്നും വിളംബരം ചെയ്തു. ഖിയാമത്തുന്നാൾവരെ നിലനില്ക്കുന്ന മതം ഇത് മാത്രമാണെന്ന് പ്രഖ്യാപിച്ചു. ഇതിനോടൊപ്പം ചേർന്നിരുന്നാൽ ആത്മീയവും ഭൗതികവുമായ അനുഗ്രഹങ്ങൾക്ക് പാത്രീഭൂതരാകും. പക്ഷേ, നബി(സ) ഇങ്ങനെയും പറഞ്ഞു: കുറച്ചുകാലത്തിനുശേഷം, അതായത്, അവിടത്തെ വഫാത്തിന് കുറച്ചുകാലത്തിനുശേഷം മുസ്ലിംസമുദായത്തിന്റെമേൽ ഒരു അന്ധകാര കാലഘട്ടം വരും. എന്നാൽ, അത് എന്നെന്നും നിലനില്ക്കുന്ന അന്ധകാരമായിരിക്കുകയില്ല. മറിച്ച്, നബി(സ) തിരുമേനിയെ സത്യസന്ധമായി സ്നേഹിക്കുന്ന ഒരാളെ ലോകത്ത് അയക്കുന്നതാണ്, അദ്ദേഹം മസീഹും മഹ്ദിയുമായിരിക്കും.

ആ നബി, അവിടത്തെ പിൻപറ്റിക്കൊണ്ടുവരുന്ന നബിയായിരിക്കും. അദ്ദേഹം വന്നിട്ട് ഈ അന്ധകാരത്തെ വെളിച്ചത്തിലേക്ക് മാറ്റുന്നതാണ്. അദ്ദേഹം മുസ്ലിം സമുദായത്തിന്റെമേൽ വീണ്ടും ആത്മീയതയുടെ പ്രകാശകിരണങ്ങൾ വിതറുന്നതാണ്. മുസ്ലിംകളെ മാത്രമല്ല, ലോകത്തുള്ള എല്ലാവരേയും ഒരു കൈയിൽ ഒരുക്കൂട്ടുന്നതാണ്. ഭൗതികത തിമിർത്താടുന്ന അക്കാലത്ത്, മനുഷ്യരെ അല്ലാഹുവുമായി ബന്ധിപ്പിക്കുന്നതിനും അവരുടെ ജീവിതോദ്ദേശ്യം തിരിച്ചറിയുന്നതിനും വേണ്ടി ഉപദേശങ്ങൾ നല്കും. മസീഹും മഹ്ദിയും വരുന്നതിനെ സംബന്ധിച്ച് ഏറ്റവുമധികം നബി(സ) തിരുമേനിയാണ് മുസ്ലിംകളോടു പറഞ്ഞത്. അദ്ദേഹം വന്നാൽ, മഞ്ഞുകട്ടയുടെ മുകളിലൂടെ ഇഴഞ്ഞുപോകേണ്ടിവന്നാലും, പോയിട്ട് എന്റെ സലാം പറയണമെന്ന് അവിടന്ന് വസിയ്യത്ത് ചെയ്തു. കാരണം അല്ലാഹുവിന്റെ ആ ഫയൽവാനാണ് ഈ അന്ധകാരത്തിന്റേയും ഭൗതികതയുടെ കാലത്ത്, ലോകർ തങ്ങളുടെ സ്രഷ്ടാവിനെ മറന്നിരിക്കുന്ന കാലത്ത് നബി(സ) പറഞ്ഞതുപോലെ അല്ലാഹുവുമായി അവരെ ബന്ധിപ്പിക്കുന്നത്; അവർ അവരുടെ ജീവിതോദ്ദേശ്യം തിരിച്ചറിയുന്നതിനുവേണ്ടി. നബി(സ) തിരുമേനിയുടെ സത്യസന്ധനായ പ്രേമിയും ഫയൽവാനുമായ ആളെ തിരിച്ചറിയാനും വിശ്വസിക്കാനും ഭാഗ്യം കിട്ടിയ നാം ഭാഗ്യവാന്മാരാണ്. അങ്ങനെ നാം ഈ മസീഹ് മഹ്ദിയുടെ ജമഅത്തിൽ പ്രവേശിച്ചു. നമ്മൾ ഈ ജമാഅത്തിൽ പ്രവേശിച്ചതും ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചതും നമുക്ക് പ്രയോജനം ചെയ്യുന്നത്, നമ്മുടെ ഉള്ളിൽ പരിശുദ്ധമാറ്റമുണ്ടാക്കിക്കൊണ്ട് നമ്മെ സൃഷ്ടിച്ച അങ്ങേയറ്റം ദയാലുവും പരമകാരുണികനും കരുണാമയനുമായ അല്ലാഹുവിന്റെ മുമ്പിൽ കുനിയുമ്പോഴാണ്. അവനെ ആരാധിക്കുന്നതിൽ അശ്രദ്ധരാകാതിരിക്കുമ്പോഴാണ്. ദുനിയാവിലെ ഈ ഭൗതിക വെളിച്ചവും കണ്ണഞ്ചിപ്പിക്കുന്ന കാഴ്ചകളും നമ്മുടെ ശ്രദ്ധ വലിച്ചെടുക്കുന്ന വസ്തുക്കളും നമ്മെ അല്ലാഹുവിൽനിന്ന് അകറ്റിക്കൊണ്ടുപോകുന്നതാകുകയില്ല. നാം അല്ലാഹുവിന്റെ കല്പനയനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കും. വിശുദ്ധ ഖുർആനിൽ നിരവധി കല്പനകളുണ്ട്. നമ്മൾ അതനുസരിച്ച് പ്രവർത്തിക്കുന്നവരായിരിക്കും. ഹസ്റത്ത് മസീഹ് മൗഊദ് (അ), ആ കല്പന

700 ആണെന്ന് ഒരിടത്ത് പറഞ്ഞിട്ടുണ്ട്. അതിനാൽ ഒരഹ്മദി, അഹ്മദിയ്യത്ത് സ്വീകരിച്ചതിനുശേഷം അല്ലാഹുവിനെ പേടിച്ച് പേടിച്ച് തന്റെ ജീവിതം കഴിച്ചുകൂട്ടേണ്ടതാണ്. ഒരു കല്പനയോടുപോലും അനുസരണക്കേടുണ്ടാകാനിടയാകരുത്. ഉദാഹരണത്തിന്, ലജ്ജയുണ്ടാവണം എന്നത് ഒരു കല്പനയാണ്. സ്ത്രീകളോടു പർദ്ദ ധരിക്കാൻ പ്രത്യേകിച്ച് കല്പിച്ചിരിക്കുന്നു. താഴോട്ട് ദൃഷ്ടി ഊന്നി നടക്കാനും ലജ്ജ കാണിക്കാനും പുരുഷന്മാരോടും നിർദ്ദേശിച്ചിരിക്കുന്നു. സമൂഹത്തിന്റെ ദൃഷ്ടിയിൽ നിന്ന് സുരക്ഷിതരായിരിക്കാനും ലജ്ജ നിലനില്ക്കാനുമാണ് സ്ത്രീകളോട് ഇത് കല്പിച്ചിട്ടുള്ളത്. നബി (സ) തിരുമേനി, ലജ്ജ, വിശ്വാസത്തിന്റെ ഭാഗമാണെന്ന് പറഞ്ഞിരിക്കുന്നു. ഇക്കാലഘട്ടത്തിൽ സമൂഹത്തിൽ എല്ലായിടത്തും എല്ലാ രാജ്യത്തും ഒരുപാട് ഒരുപാട് ലജ്ജാകരമായ പ്രവൃത്തിയാണ് കാണുന്നത്. സ്ത്രീകൾക്കും പുരുഷന്മാർക്കുമിടയിലുള്ള അതിർത്തി മാഞ്ഞുപോയിരിക്കുന്നു. മിക്സ് ഗാഥറിംഗ് നടക്കുന്നു. പാശ്ചാത്യരെ അനുകരിച്ചുകൊണ്ട് പൂർണ്ണമായും നഗ്നത മറയാത്ത വസ്ത്രങ്ങൾ ധരിക്കുന്നു. ഇതെല്ലാം ഇക്കാലത്തെ ആഭാസങ്ങളാണ്. അത് എല്ലാ രാജ്യത്തും എല്ലാ സമൂഹത്തിലും നടമാടിക്കൊണ്ടിരിക്കുന്നു. ഈ ലജ്ജയുടെ കുറവ് പതുക്കെപ്പതുക്കെ മനുഷ്യന്റെ ഹൃദയത്തിൽനിന്ന്, ഒരു മുസൽമാന്റെ ഹൃദയത്തിൽ നിന്ന് ലജ്ജാബോധം ഇല്ലാതാക്കുന്നു. അല്ലാഹുവിന്റെ ചെറിയൊരു കല്പനയെ മനുഷ്യൻ ഉപേക്ഷിക്കുമ്പോൾ പതുക്കപ്പതുക്കെ മറ ഇല്ലാതായിക്കൊണ്ടിരിക്കുന്നു. അങ്ങനെ വലിയ കല്പനയിൽനിന്നും അകലാൻ തുടങ്ങുന്നു. മെല്ലെമെല്ലെ അല്ലാഹുവിനെ ആരാധിക്കുന്നതിൽനിന്നും അകലുന്നു. തുടർന്ന് അവൻ തന്റെ ജീവിതോദ്ദേശ്യം മറന്നുപോകുന്നു. അതുകൊണ്ട് ഇക്കാലത്ത് യുവതലമുറ പ്രത്യേകമായ നിലയിൽ വളരെ സൂക്ഷ്മത പാലിക്കേണ്ടതാണ്. നബി(സ) തിരുമേനിയുടെ പ്രവചനമനുസരിച്ച് മനുഷ്യരെ അല്ലാഹുവിന്റെ അടുത്തേക്ക് അടുപ്പിക്കുന്നതിനു മാർഗ്ഗമായിവന്ന ഒരാളുടെ ജമാഅത്തിൽപെട്ടവരാണെന്ന ബോധം എപ്പോഴും ഉണ്ടാവണം. അദ്ദേഹവുമായി ബന്ധപ്പെട്ടുനില്ക്കണമെങ്കിൽ അദ്ദേഹത്തിന്റെ അദ്ധ്യാപനമനുസരിച്ചും പ്രവർത്തിക്കേണ്ടതായി വരും.

ആ അദ്ധ്യാപനമെന്ന് പറയുന്നത് വിശുദ്ധ ഖുർആന്റെ ചെറിയ പാഠങ്ങൾ അനുസരിച്ചുപോലും പ്രവർത്തിക്കുക എന്നതാണ്. ഇതനുസരിച്ച് പ്രവർത്തിക്കുന്നവരായിത്തീരാൻ അല്ലാഹു എല്ലാ അഹ്മദികൾക്കും സൗഭാഗ്യം നല്കുമാറാകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: ഓർമ്മിച്ചുകൊള്ളുക. വെറും ബയ്അത്ത് ചെയ്യുന്നതുകൊണ്ട് ഒന്നും ലഭിക്കുകയില്ല. ബയ്അത്തിന്റെ യഥാർത്ഥ പൊരുൾ നിർവഹിക്കാത്തിടത്തോളംകാലം അല്ലാഹു തൃപ്തനാകുകയുമില്ല. അതുകൊണ്ട് ബയ്അത്തിന്റെ നിബന്ധനകൾ പൂർത്തിയാക്കാൻ ശ്രമിക്കുക. അതായത് തഖ്വ കൈക്കൊള്ളുക. വിശുദ്ധഖുർആൻ ശ്രദ്ധിച്ചുപാരായണം ചെയ്യുക. അതിൽ ചിന്തിക്കുക. പിന്നീട് അതനുസരിച്ച് പ്രവർത്തിക്കുക. കാരണം അല്ലാഹു കേവലം വാക്കുകളിൽ സന്തോഷിക്കുന്നവനല്ല. മറിച്ച്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കാൻ അവന്റെ കല്പനകൾ പിൻപറ്റേണ്ടതാണ്. അവൻ വിരോധിച്ചിട്ടുള്ളതിൽനിന്നെല്ലാം രക്ഷപ്പെടേണ്ടതാണ്. മനുഷ്യനും കേവലം വാക്കുകളിൽ സന്തോഷിക്കുന്നവനല്ലെന്നും സേവനം ചെയ്തെങ്കിലേ സന്തോഷിക്കുകയുള്ളൂവെന്നുമുള്ള കാര്യം പ്രകടമാണ്. സത്യവാനായ മുസൽമാനും അസത്യവാനായ മുസൽമാനും തമ്മിലുള്ള അന്തരവും ഇതുതന്നെയാണ്. അസത്യവാനായ മുസൽമാൻ വെറും വാചകകസറത്തുകൾ നടത്തുന്നു. ഒന്നും പ്രവർത്തിക്കുകയില്ല. അതിന്നെതിരിൽ യഥാർത്ഥ മുസൽമാൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. തന്റെ ദാസൻ തന്നെ ആരാധിക്കുന്നുണ്ടോ, തനിക്കുവേണ്ടി തന്റെ സൃഷ്ടികളോടു സഹതാപം കാണിക്കുന്നുണ്ടോ എന്ന് അല്ലാഹു നോക്കുന്നു. അപ്പോൾ അല്ലാഹു അവന്റെമേൽ തന്റെ മലക്കുകളെ ഇറക്കുന്നു. സത്യവാനായ മുസൽമാനും അസത്യവാനായ മുസൽമാനും തമ്മിൽ അല്ലാഹു അവന്റെ വാഗ്ദാനമനുസരിച്ച് വ്യത്യാസം പ്രകടമാക്കുന്നു."

അതുകൊണ്ട് ഓരോ അഹ്മദിയും യഥാർത്ഥ മുസൽമാനാകാൻ ശ്രമിക്കേണ്ടതാണ്. ലോകത്ത് അല്ലാഹു സൃഷ്ടിച്ചിട്ടുള്ള അനുഗ്രഹങ്ങളിൽനിന്ന് ഫലമെടുക്കേണ്ട എന്നു പറഞ്ഞില്ല. മറിച്ച്, ഇക്കാലത്തെ എല്ലാ കണ്ടുപിടിത്തങ്ങളും മുഹമ്മദീ മസീഹിന്റെ ആഗമനത്തിനുള്ള അടയാളങ്ങളാണ്. വിശുദ്ധഖുർആനും ഇക്കാലത്തെ കണ്ടുപിടിത്തങ്ങളെ സംബന്ധിച്ച് സാക്ഷ്യം പറയുന്നു. അത് സംഭവിക്കുമെന്ന് വിവരിക്കുകയും ചെയ്യുന്നു. ഹദീസുകളിലും ഇക്കാലത്തെ കണ്ടു

പിടിത്തങ്ങളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. എന്നാൽ, ഹസ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതു പോലെ തഖ്‌വ സ്വായത്തമാക്കുന്നതിന് ഓരോ അഹ്‌മദിയും ശ്രമിക്കേണ്ടതാണ്. ഭൗതികവസ്തുക്കളുടെ പിന്നാലെ നടക്കരുത്. അങ്ങനെയായാൽ ഒരഹ്‌മദി അഹ്‌മദിയായതിനുശേഷം തഖ്‌വ കൈക്കൊള്ളുന്നില്ലെങ്കിൽ ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുക എന്ന ഉദ്ദേശ്യം മരിച്ചുപോകുന്നു. അല്ലാഹുവിന്റെ വെറുപ്പ് വിലയ്ക്കുവാങ്ങി, ശത്രുക്കളുടെ എതിർപ്പും പിടിച്ചുവാങ്ങി എന്നല്ലാതെ അങ്ങനെ അഹ്‌മദിയായിട്ടെന്താണ് ഫലം. അതുകൊണ്ട് നബി(സ) തിരുമേനിയുടെ പ്രവചനം പൂർത്തിയാക്കാനുള്ള സൗഭാഗ്യം ലഭിച്ച നിങ്ങൾ ഭാഗ്യവാന്മാരാണെന്ന് ഞാൻ വീണ്ടും പറയുകയാണ്. ഹസ്റത്ത് മസീഹ് മൗഊദ്(അ)നെ നിങ്ങൾ വിശ്വസിച്ചു. നിങ്ങളിൽ പലർക്കും അഹ്‌മദിയ്യത്ത് ലഭിച്ചിട്ടുള്ളത് അനന്തരാവകാശമായിട്ടാണ്. അതുകൊണ്ട് ആദ്യകാല അഹ്‌മദികൾ എത്രമാത്രം ത്യാഗം വരിച്ചിട്ടുണ്ടെന്ന് നിങ്ങൾക്കറിയില്ലായിരിക്കാം. ഇപ്രകാരംതന്നെ നമ്മുടെ ആരംഭകാലത്തെ ഇവിടെത്തെ മുബല്ലിഗും ഒരുപാട് ത്യാഗംവരിച്ചു. ഇവിടെ അഹ്‌മദിയ്യത്ത് വന്നത് 70, 71 വർഷം മുമ്പേയാണ്. ആദ്യം വന്ന മുബല്ലിഗ് മൗലാനാ ഗുലാം ഹുസയ്ൻ സാഹിബ് അയാസ് ആയിരുന്നു. ആദ്യകാല അഹ്‌മദികളിൽ ഹാജി ജഅ്ഫർ സാഹിബിന്റെ പേരും കാണാം. അവർ ആരംഭകാലത്ത് ഒരുപാട് ത്യാഗം ചെയ്തു. അവർ അല്ലാഹുവിന്റെ വഴിയിൽ അടിയും കൊണ്ടു. ശത്രുക്കളുടെ മർദ്ദനമേറ്റ് അവർക്ക് ദിവസങ്ങളോളം ആശുപത്രിയിൽ കഴിയേണ്ടതായും വന്നു. അവരുടെ ത്യാഗങ്ങളുടേയും ദുആയുടേയും ഫലമായി, ഇന്ന് നിങ്ങൾ നിങ്ങളിൽ അല്ലാഹുവിന്റെ അനുഗ്രഹവും കണ്ടുകൊണ്ടിരിക്കുന്നു. നിങ്ങൾക്ക് അല്ലാഹു നല്കിയിരിക്കുന്ന ഈ മനോഹരമായ പള്ളിയും ആ ത്യാഗങ്ങളുടെ ഫലമാണ്. അക്കാലത്തെ ത്യാഗങ്ങളുടേയും ദുആകളുടേയും ഫലം പിന്നീട് നമുക്ക് അല്ലാഹു നല്കിയിരിക്കുകയാണ്. മറ്റുപല അനുഗ്രഹങ്ങൾ കൊണ്ടും അല്ലാഹു നിങ്ങളെ കടാക്ഷിച്ചിട്ടുണ്ട്. ഈ ത്യാഗങ്ങൾ ഒരിക്കലും നഷ്ടപ്പെട്ടുപോകുകയില്ല. എപ്പോഴും അത് ഫലം തന്നുകൊണ്ടിരിക്കും. ഏതുപോലെ കഴിഞ്ഞകാലത്തെ ത്യാഗങ്ങൾക്ക് ഫലം പിടിച്ചുവോ അതുപോലെ ഇന്നത്തെ ത്യാഗങ്ങൾക്കും ഇൻശാഅല്ലാഹ് ഫലം പിടിക്കുന്നതാണ്. ഇത് അല്ലാഹുവിന്റെ സുന്നത്താണ്. ഇത് അല്ലാഹുവിന്റെ വാഗ്ദാനമാണ്. ഇന്നും അഹ്‌മദിയ്യാ ലോകത്ത് ത്യാഗങ്ങളുടെ ആത്മാവ് നിലനില്ക്കുന്നു. അല്ലാഹു ഈ ത്യാഗങ്ങളെ ഒരിക്കലും നഷ്ടപ്പെടുത്തിക്കളയുകയില്ല. ഇവിടെത്തെ അയൽരാജ്യങ്ങളിൽ അഹ്‌മദിയ്യത്തിനോടുള്ള ശത്രുത കാരണത്താൽ, അഹ്‌മദിക്ക് വ്യക്തിപരമായ നിലയിലും സാമൂഹികമായ നിലയിലും ഒരുപാട് നഷ്ടം സഹിക്കേണ്ടിവന്നു. പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അവരുടെ കാലുകൾ ഒരിക്കലും പതറിയില്ല. കഴിഞ്ഞ ഒരുവർഷമായി ഇന്തോനേഷ്യയിൽ അഹ്‌മദികളോടു അങ്ങേയറ്റം ദ്രോഹപരമായ രീതിയിലുള്ള പെരുമാറ്റമാണ് നടക്കുന്നത്. എന്നാൽ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്‌മദികൾ സ്ഥിരചിത്തതയോടെ ഉറച്ചുനില്ക്കുന്നു. നമ്മൾ അക്രമത്തെ അക്രമം കൊണ്ട് നേരിടുന്നവരല്ല. അത്തരം അക്രമങ്ങൾ ഉണ്ടാകുമ്പോൾ എപ്പോഴും അല്ലാഹുവിന്റെ മുമ്പിൽ കുനിയുന്നവരാണ്. എപ്പോഴും കുനിഞ്ഞുകൊണ്ടിരിക്കുകയും ചെയ്യും. ഇവിടെ ഇപ്പോൾ ഒരുപാട് ഇന്തോനേഷ്യക്കാർ ഇരിപ്പുണ്ട്. അവരുടെ ഈമാനിക വികാരത്തെ പരീക്ഷണങ്ങൾക്ക് ഇളക്കാൻ സാധിച്ചിട്ടില്ലെന്നതിന് ഓരോ ഇന്തോനേഷ്യൻ അഹ്‌മദിയും സാക്ഷിയാണ്. മറിച്ച്, ഈമാന് കൂടുതൽ കരുത്തേകാൻ അതു കാരണമായി. ഈ അവസരത്തിൽനിന്ന് ഫലമെടുത്തുകൊണ്ട് ഞാനെന്റെ ഇന്തോനേഷ്യൻ സഹോദരങ്ങളോടു പറയുന്നു: നിങ്ങൾ നിങ്ങളുടെ അഹ്‌മദീ സഹോദരങ്ങളെ സമാധാനിപ്പിക്കുക. ക്ഷമിക്കുക. ക്ഷമയുടെ കോന്തല ഒരിക്കലും വിട്ടുകളയരുത്. അഹ്‌മദികളെ മറ്റുള്ളവരിൽനിന്ന് മാറ്റിനിർത്തുന്ന സവിശേഷമായൊരു ഗുണമാണ് അവർ അക്രമത്തിന് പകരം വീട്ടാൻ നിയമത്തെ ഒരിക്കലും കൈയിലെടുക്കില്ല എന്നത്. അത്തരം അക്രമത്തിന്റെ നാളുകളിൽ അല്ലാഹുവിന്റെ മുന്നിൽ കുനിയുന്നവരുടെ കൂടെയാണ് നമ്മൾ; തന്നെ ആരാധിക്കുന്നതിനുവേണ്ടി നമ്മെ സൃഷ്ടിച്ചിട്ടുള്ള ആ അല്ലാഹുവിന്റെ മുന്നിൽ. എന്നോട് പ്രാർത്ഥിക്കുക, ഞാൻ നിങ്ങളുടെ പ്രാർത്ഥന സ്വീകരിക്കും എന്ന് പറഞ്ഞ അല്ലാഹുവിന്റെ മുന്നിൽ.

അതുകൊണ്ട് അവനോട് സഹായം തേടുക. ഇൻശാഅല്ലാഹ്. അവനൊരിക്കലും നിങ്ങളെ

നഷ്ടപ്പെടുത്തുകയില്ല. ഒരിക്കലും നിങ്ങളെ നഷ്ട പ്പെടുത്തുകയില്ല. ഓർമ്മിക്കുക, നിങ്ങൾ ഒറ്റയ്ക്ക ല്ല. മുഴുലോകത്തേയും അഹ്മദിയ്യാ ജമാഅ ത്തിന്റെ ദുആ നിങ്ങളോടൊപ്പമുണ്ട്. ഇത് താൽക്കാലികമായ പരീക്ഷണമാണ്. അതുകഴി ഞ്ഞുകടന്നുപോകും. ഈ പരീക്ഷണം വന്നിട്ടു ള്ളത് ജമാഅത്തിന്റെ അഭിവൃദ്ധിയ്ക്കായിട്ടാണ്. നിങ്ങൾ ഇക്കാലത്തെ മസീഹിനേയും മഹ്ദി യേയും വിശ്വസിച്ചതുകൊണ്ട് അല്ലാഹു നിങ്ങളെ ഒരിക്കലും നഷ്ടത്തിലാക്കുകയില്ലെന്ന് ഓർക്കുക. കാരണം നിങ്ങളോടൊപ്പം അവൻ ഉണ്ട് എന്നത് അവന്റെ വാഗ്ദാനമാണ്. ശത്രുക്കളെ സംബോ ധന ചെയ്തുകൊണ്ട് ഈ വാക്കുകളിൽ ചലഞ്ചു ചെയ്ത ആ മസീഹ് മഹ്ദിയെ വിശ്വസിച്ചവരാണ് നിങ്ങൾ.

അല്ലയോ വിവരംകെട്ടവരേ! അന്ധന്മാരേ! എനിക്കുമുമ്പേ ഏത് സത്യസന്ധനാണ് നശിച്ചൊ ടുങ്ങിയത്; എങ്കിലല്ലേ ഞാനും നശിച്ചൊടുങ്ങൂ. സത്യവാനും ആത്മാർത്ഥതയുള്ളവനുമായ ആരെ യാണ് അല്ലാഹു നശിപ്പിച്ചിട്ടുള്ളത്; എന്നേയും നശിപ്പിക്കാൻ. തീർച്ചയായും ഓർമ്മിച്ചുകൊള്ളു ക, ചെവിയുള്ളവരെ കേട്ടുകൊള്ളുക, എന്റെ ആത്മാവ് നശിച്ചൊടുങ്ങുന്ന ആത്മാവല്ല. എന്റെ തലവിധിയിൽ അപചയത്തിന്റെ പുളിപ്പില്ല. എനിക്ക് ധൈര്യവും സത്യസന്ധതയും നല്കപ്പെ ട്ടിരിക്കുന്നു, അതിനുമുമ്പിൽ പർവ്വതത്തിന് ഒരു ശക്തിയുമില്ല. ഞാനാരേയും ഭയക്കുന്നില്ല. ഞാൻ തനിച്ചായിരുന്നു. തനിച്ചായിരുന്നതിൽ എനിക്ക് ഒരു വെറുപ്പുമില്ല. എന്ത്? അല്ലാഹു എന്നെ കൈവെടിയുമെന്നോ? അല്ലാഹു എന്നെ നഷ്ടപ്പെ ടുത്തുമെന്നോ? ഇല്ല. ഒരിക്കലും എന്നെ നഷ്ടപ്പെ ടുത്തുകയില്ല. ശത്രുക്കൾ നിന്ദ്യരാകും. അസൂ യാലു നാണംകെടും. അല്ലാഹു തന്റെ ദാസന് എല്ലാ രംഗത്തും വിജയം നല്കും. ഞാൻ അവ നോടൊപ്പവും അവൻ എന്നോടൊപ്പവുമാണ്. ഞങ്ങൾ തമ്മിലുള്ള ബന്ധത്തെ തകർക്കാൻ ആർക്കും സാധ്യമല്ല. അല്ലാഹുവിന്റെ അഭിമാ നവും പ്രതാപവും കൊണ്ടു സത്യം! എനിക്ക വന്റെ ദീനിന്റെ മഹത്വം പ്രകടമാകുന്നതിനേക്കാൾ പ്രിയങ്കരമായി ഇഹലോകത്തും പരലോകത്തും ഒരു വസ്തുവുമില്ല. അവന്റെ പ്രതാപം വിളങ്ങും. എങ്ങും അവന്റെ ചർച്ചയുണ്ടാവണം. അവന്റെ അനുഗ്രഹമുള്ളതിനാൽ ഒരു പരീക്ഷണത്തേയും ഞാൻ ഭയപ്പെടുന്നില്ല; ഒരു പരീക്ഷണമെന്നല്ല, കോടിക്കണക്കിന് പരീക്ഷണമുണ്ടായാലും ശരി. പരീക്ഷണങ്ങളുടെ മൈതാനങ്ങളിലും ദുഃഖങ്ങ ളുടെ വനങ്ങളിലും എനിക്ക് ശക്തി നല്കപ്പെട്ടിരി ക്കുന്നു."

ഇന്ന് നാം അതിന് ദൃക്സാക്ഷികളാണ്. കഴിഞ്ഞ നൂറുവർഷത്തെ എതിർപ്പുകൊണ്ട്, ശത്രു ക്കൾ, അഹ്മദിയ്യത്തിന് ഒരു ക്ഷതവും ഏല്പിച്ചിട്ടി ല്ല. അതിനെ നശിപ്പിക്കാൻ സാധിക്കുകയുമില്ല. കാരണം ഖിയാമത്തുന്നാൾവരെ ജമാഅത്തിന് വിജയമുണ്ടാകുമെന്നത് അല്ലാഹുവിന്റെ വാഗ്ദാ നമാണ്. അതുകൊണ്ട്, ഏതെങ്കിലും ഭൗതിക ശക്തി ജമാഅത്തിന് നഷ്ടമുണ്ടാക്കുമെന്ന ചിന്ത എനിക്കില്ല. എനിക്ക് ഏതെങ്കിലും ചിന്തയുണ്ടെ ങ്കിൽ അല്ലാഹുവിൽനിന്ന് അകന്നുകൊണ്ട് ഏതെ ങ്കിലും അഹ്മദി തന്റെ ഇഹലോകവും പരലോ കവും നഷ്ടപ്പെടുത്തുമോ എന്നുള്ളതാണ്. അതു കൊണ്ട് സത്യസന്ധനും ആത്മാർത്ഥയുള്ളവനു മായ ആരെയെങ്കിലും അല്ലാഹു നശിപ്പിച്ചിട്ടുണ്ടോ, എന്നെ നശിപ്പിക്കാൻ' എന്ന മസീഹ് മൗഊദ്( അ)ന്റെ വാക്കുകൾ ഓരോ അഹ്മദിയും ഓർക്കേ ണ്ടതാണ്. അഹ്മദി എന്ന് വാദിക്കുന്നതിനോ ടൊപ്പം നാം നമ്മുടെ അല്ലാഹുവുമായി ആത്മാർത്ഥബന്ധം സ്ഥാപിക്കുക. നമ്മുടെ യഥാർത്ഥ ബന്ധം അല്ലാഹുവുമായിട്ടുണ്ടാകു മ്പോൾ, ഇഹലോകത്തും പരലോകത്തും നാം അല്ലാഹുവിന്റെ അനുഗ്രഹത്തിന് അവകാശികളാ കും. അല്ലാഹു ഇതിന് നമ്മെ അനുഗ്രഹിക്കട്ടെ. ആരാധനാകർമ്മങ്ങളോടൊപ്പം ഇസ്ലാം- അഹ്മ ദിയ്യത്ത് വിഭാവനം ചെയ്യുന്ന ഐക്യത്തിന്റേയും സ്നേഹത്തിന്റേയും സന്ദേശവും ജനങ്ങൾക്ക് എത്തിച്ചുകൊടുക്കേണ്ടത് നമ്മുടെ ജോലിയാണ്. കാരണം ഇന്ന് ലോകജനതയെ അല്ലാഹുവിന്റെ അടുത്തുകൊണ്ടുവരാനും ഈ ലോകത്ത് അവന്റെ സൃഷ്ടികളോടുള്ള കടമ നിറവേറ്റി ക്കൊണ്ട് സ്നേഹത്തിന്റേയും സാഹോദര്യത്തി ന്റേയും സന്ദേശം ജനങ്ങളിൽ എത്തിക്കാനുള്ള ചുമതല അഹ്മദികളായ നമ്മളെയാണ് ഏല്പിച്ചി ട്ടുള്ളത്. ഇക്കാര്യം നിങ്ങൾ ഓർമ്മിക്കുന്നതിനോ ടൊപ്പം നിങ്ങളുടെ മക്കളുടെ മനസ്സുകളിലും ഇത് നല്ലവണ്ണം നിലനാട്ടുക. കാരണം ജമാഅത്തുക ളുടെ ജീവിതം നിലനില്ക്കുന്നത്, തലമുറകളിലും ഈ നന്മകൾ നിലനില്ക്കുമ്പോഴാണ്. അല്ലാഹു

വിന്റെ അനുഗ്രഹത്താൽ എനിക്ക് നിങ്ങളിൽ അധികപേരുടേയും മുഖത്ത് ആത്മാർത്ഥതയും കൂറും കാണാൻ കഴിയുന്നുണ്ട്. അല്ലാഹു ഈ ആത്മാർത്ഥതയും കൂറും വർദ്ധിപ്പിച്ചുകൊണ്ടിരിക്കട്ടെ. മസീഹ് മൗഊദിനോടും ഖിലാഫത്തിനോടുമുള്ള നിങ്ങളുടെ ആത്മാർത്ഥത ഒരിക്കലും അവസാനിക്കാതിരിക്കട്ടെ. അത് തുടർന്നുകൊണ്ടേ പോകട്ടെ. ഹസ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

എന്റെ പ്രിയപ്പെട്ട ജമാഅത്തേ, അല്ലാഹു നിങ്ങളോടൊപ്പം ഉണ്ടാകുമാറാകട്ടെ. സർവശക്തനും ഉദാരനുമായ അല്ലാഹുവിന്റെ റസൂൽ(സ) തിരുമേനിയുടെ സ്വഹാബത്ത് തയ്യാറാക്കപ്പെട്ടതു പോലെ അല്ലാഹു പരലോകയാത്രയ്ക്കായി നിങ്ങളേയും തയ്യാറാക്കുമാറാകട്ടെ. നല്ലവണ്ണം ഓർമ്മിക്കുക. ദുൻയാവ് ഒന്നുമല്ല. അല്ലയോ ഭാഗ്യശാലികളേ! നിങ്ങളുടെ മോക്ഷത്തിനായി എനിക്ക് നല്കപ്പെട്ട ആ അദ്ധ്യാപനങ്ങളിൽ നിങ്ങൾ പൂർണ്ണശക്തിയോടുകൂടി പ്രവേശിച്ചുകൊള്ളുക. പറഞ്ഞു: ദുആയിലും ഇസ്തിഗ്ഫാറിലും ദൈവാരാധനയിലും മനഃപരിശുദ്ധിയാർജ്ജിക്കുന്നതിലും മുഴുകുക എന്നതാണ് നിങ്ങളുടെ ജോലി. എല്ലാ തരം അസൂയ, പക, വെറുപ്പ്, പരദൂഷണം, അഹങ്കാരം, പൊങ്ങച്ചം, കലഹം, കുഴപ്പം തുടങ്ങിയവയിൽനിന്ന് രക്ഷപ്പെടുക. നല്ലവണ്ണം ഓർക്കുക. പര്യവസാനം എന്നും മുത്തഖികൾക്കുള്ളതാണ്." അല്ലാഹു നമ്മെ ഹസ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പാഠമനുസരിച്ച് പ്രവർത്തിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മെ അവന്റെ ദീനിൽ ഉറപ്പിച്ചുനിർത്തുമാറാകട്ടെ. ഇതുവരെ അഹ്മദിയ്യത്ത് സ്വീകരിച്ചിട്ടില്ലാത്തവർക്കും, ഈ സന്ദേശം എത്തിക്കാൻ അല്ലാഹു നമുക്ക് തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.


| | |
|---|---|
| Khuthba<br>Hadhrat Mirza Masroor Ahmad<br>Khalifathul Masih V<br>on 7.4.2006 at Singapur | *Translated by: Muhammad Ismail, Alleppey*<br>0497 2702562; Mob: 94466 56123<br>Page Layout & Typeset: BRB, Kannur<br>Published by: Majlis Khuddamul Ahmadiyya, Kerala |